**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 976** **18-09-2025 - ൽ മറുപടിയ്ക്ക്**

**തേക്ക് തടി മോഷണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ) | | ശ്രീ. എ. കെ. ശശീന്ദ്രൻ<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | ചൊക്കനയിൽ വനംവകുപ്പിന്റെ തേക്ക് തോട്ടങ്ങളിൽ നിന്നും വൻതോതിൽ തേക്ക് തടികൾ കടത്തിക്കൊണ്ടു പോയത് സംബന്ധിച്ച പരാതി ഗൗരവത്തോടെ കാണുന്നുണ്ടോ; ഇക്കാര്യത്തിൽ വനം വകുപ്പ് നടത്തിയ അന്വേഷണത്തിന്റെ കണ്ടെത്തലുകൾ എന്തൊക്കെയാണെന്നും ഉത്തരവാദികളായവർക്കെതിരെ എന്തൊക്കെ നടപടി സ്വീകരിച്ചു എന്നും വിശദമാക്കുമോ; അന്വേഷണ റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കുമോ; | (എ) | ചാലക്കുടി ഡിവിഷനിലെ വെള്ളിക്കുളങ്ങര റെയിഞ്ചിൽ അന്തിമ വെട്ട് കഴിഞ്ഞ 1947, 1954 ചൊക്കന, തേക്ക് പ്ലാന്റേഷൻ ബീറ്റുകളിൽ നിന്നും തേക്കും, ഖന മരങ്ങളും നീക്കം ചെയ്തപ്പോൾ ബാക്കി വന്ന സോഫ്റ്റ് വുഡ് മരങ്ങൾ മാത്രം മുറിച്ച് നീക്കം ചെയ്യുന്നതിനായി കരാറെടുത്ത ശ്രീ.ചന്ദ്രൻ, ചിത്ര എന്റർപ്രൈസസ് പാങ്ങോട് തിരുവനന്തപുരം എന്ന കരാറുകാരൻ സോഫ്റ്റ് വുഡ് ലോഡുകളോടൊപ്പം ബാക്കി വന്ന തേക്ക് ബില്ലറ്റും, ഫയർ വുഡും നീക്കം ചെയ്തതായി കണ്ടെത്തിയതിനെ തുടർന്ന് എറണാകുളം ഫ്ളയിംഗ് സ്ക്വാഡ് ഡിവിഷന്റെ കീഴിലുള്ള തൃശ്ശൂർ ഫ്ളയിംഗ് സ്ക്വാഡ് റെയിഞ്ചിൽ മഹസ്സർ തയ്യാറാക്കി എഫ്.എസ്.റ്റി.-02/2025 കേസും, കൂടാതെ പ്രദേശിക വാച്ചർമാരുടെ വീടുകളിലേയ്ക്ക് ഇത്തരത്തിൽ തേക്ക് വിറക് നീക്കം ചെയ്തതായി കണ്ട് എഫ്.എസ്.റ്റി.-03/2025, എഫ്.എസ്.റ്റി.-04/2025 എന്നീ കേസുകളും രജിസ്റ്റർ ചെയ്ത് തുടർ നടപടികൾക്കായി വെള്ളിക്കുളങ്ങര റെയിഞ്ചിലേയ്ക്ക് കൈമാറിയിട്ടുള്ളതാണ്. മേൽ വിഷയത്തിൽ വെള്ളിക്കുളങ്ങര റെയിഞ്ചിലെ മുപ്ലിയം ഫോറസ്റ്റ് സ്റ്റേഷനിൽ ഒ.ആർ.4/2025, 5/2025, 6/2025, 7/2025 എന്നീ കേസുകൾ രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തി വരുന്നു. മേൽപ്പറഞ്ഞ തേക്ക് പ്ലാന്റേഷനുകളിൽ നിന്നും അടച്ചുമുറി കഴിഞ്ഞ ഭാഗത്തു നിന്നും നീക്കം ചെയ്ത സോഫ്റ്റ് വുഡ്/പലവക തടികൾ ഏതേത് പാസുകൾ വഴി എങ്ങോട്ടെല്ലാമാണ് ട്രാൻസ്പോർട്ട് ചെയ്തിട്ടുള്ളതെന്നും, പാസ് വിവരങ്ങളും വനം വിജിലൻസ് ശേഖരിച്ച് പരിശോധന നടത്തിവരികയാണ്. ഇതു സംബന്ധിച്ച് വനം വിജിലൻസിന്റെ അന്വേഷണം തുടർന്നുവരുന്നു. റിപ്പോർട്ട് ലഭ്യമായിട്ടില്ല. |
| (ബി) | ചന്ദനമരങ്ങൾ അടക്കം വളരുന്ന വനമേഖലയായിട്ടും വനം വകുപ്പ് ഉദ്യോഗസ്ഥരുടെ സാന്നിധ്യം ഇല്ലാതെ | (ബി) | 2024-25 വർഷത്തിൽ വെള്ളിക്കുളങ്ങര റെയിഞ്ചിൽ മുപ്ലിയം ഫോറസ്റ്റ് സ്റ്റേഷനിലെ 1945 |

| | | | |
|---|---|---|---|
| | മരം മുറിക്കുവാൻ അനുമതി നൽകിയത് ഏത് സാഹചര്യത്തിലാണെന്നും ഇക്കാര്യത്തിൽ കുറ്റക്കാരായവർക്കെതിരെ എന്തൊക്കെ ശിക്ഷാ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും വ്യക്തമാക്കുമോ? | | വെള്ളാരംപാടം, 1947 ചൊക്കന, 1954 ചൊക്കന എന്നീ തേക്ക് തോട്ടങ്ങളിൽ അടച്ചുമുറി നടത്തിയിട്ടുള്ളതാണ്. ആയതിൽ ഫൈനൽ ഫെല്ലിംഗ് ജോലികളുടെ ഭാഗമായി 1947 ചൊക്കന തേക്ക്തോട്ടത്തിലെ 660 എണ്ണം മൂട്ട മരങ്ങൾ മുറിച്ചു നീക്കം ചെയ്യുന്നതിന് കരാറുകാരനായ ശ്രീ.ചന്ദ്രൻ, ചിത്ര എന്റർപ്രൈസസ് പാങ്ങോട് പി.ഒ. എന്നയാൾ കരാർ നമ്പർ 08/2025-26 ഉടമ്പടി പ്രകാരം മുഴുവൻ കരാർ തുകയും അടച്ച് ജോലികൾ പൂർത്തീകരിച്ചിട്ടുള്ളതാണ്. ടി തേക്ക് തോട്ടങ്ങളിലെ മാർക്ക് ചെയ്തിട്ടുള്ള മരങ്ങളിൽ നിന്നും പരമാവധി തടികളും, കഴകളും, ബില്ലറ്റും ഫയർവുഡും ശേഖരിച്ചിട്ടുണ്ട്.<br><br>ടി തോട്ടങ്ങളിലെ അടച്ചുമുറി ജോലികളെല്ലാം മേലുദ്യോഗസ്ഥർ യഥാവിധി സ്ഥലത്തെത്തി പരിശോധന നടത്തിയിട്ടുള്ളതും, ചെക്ക് മെഷർ ചെയ്തിട്ടുള്ളതുമാണ്. ഹിപ്പിങ് & ബേണിങ്ങിനായി തോട്ടത്തിന്റെ പലഭാഗങ്ങളിൽ ഇട്ടിരുന്ന വിറകുകൾ, ബില്ലറ്റ് എന്നിവയാണ് തദ്ദേശവാസികളായ എൻ.എം.ആർ. വാച്ചർമാർ നിയമ വിരുദ്ധമായി കടത്തിക്കൊണ്ടുപോയത്. ടിയാന്മാർക്കെതിരെ മുപ്ളിയം ഫോറസ്റ്റ് സ്റ്റേഷനിൽ ഒ.ആർ.നമ്പർ 04/25, ഒ.ആർ.05/25, ഒ.ആർ.06/25 എന്നീ കേസുകളും, കരാറുകാരനെ പ്രതിയാക്കി ഒ.ആർ.07/25 നമ്പറായും കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തി വരുന്നു. റിപ്പോർട്ട് ലഭ്യമാക്കി പരിശോധിച്ച് നടപടികൾ കൈക്കൊള്ളുന്നതാണ്. |

സെക്ഷൻ ഓഫീസർ